# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

*നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2158* *26.03.2013 - ലെ മറുപടിയ്ക്ക്*

**ലോക ബാങ്ക്, ഏഷ്യൻ വികസന ബാങ്ക് എന്നിവിടങ്ങളിൽ നിന്നും വായ്പ**

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.പി.ഉബൈദുള്ള | ശ്രീ.കെ.എം.മാണി<br>ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വികസന പദ്ധതികൾക്കായി ലോക ബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, മറ്റു ഏജൻസികൾ എന്നിവയിൽ നിന്ന് വായ്പയെടുത്തിട്ടുണ്ടോ; | ഈ സർക്കാർ അധികാരമേറ്റശേഷം 18.05.2011 മുതൽ 28.02.2013 വരെ ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, മറ്റു ഏജൻസികൾ എന്നിവയിൽ നിന്നും എടുത്ത വായ്പയുടെ വിശദാംശം അനുബന്ധം 1ൽ ചേർത്തിട്ടുണ്ട്. |
| (ബി) | എങ്കിൽ, വിശദാംശം നൽകുമോ; | |
| (സി) | വായ്പകൾ ഏതെല്ലാം മേഖല കൾക്കാണ് ഉപയോഗിക്കുന്നത്; | |
| (ഡി) | ഈ വായ്പകൾ ലഭിക്കുന്നതിനും തിരിച്ചടക്കുന്നതിനും ലോകബാങ്കും എ.ഡി.ബിയും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ? | പദ്ധതികൾക്ക് സംസ്ഥാന സർക്കാർ ചെലവാക്കുന്ന മുറയ്ക്ക് വിദേശ ധനകാര്യ സ്ഥാപനങ്ങൾ റീഇംപേഴ്സ്മെന്റ് നൽകുകയാണ് ചെയ്യുന്നത്. വായ്പ നൽകുന്ന സ്ഥാപനം നിഷ്കർഷിക്കുന്ന വേരിയബിൾ റേറ്റിലാണ് പലിശ നൽകേണ്ടത്. മുതൽ, വായ്പ നൽകുന്ന സ്ഥാപനം അനുവദി ക്കുന്ന ഗ്രേസ് പിരീഡ് കഴിഞ്ഞ് തിരിച്ചടച്ചാൽ മതിയാകും. |

അക്കൗണ്ട്സ് ഓഫീസർ

## അനുബന്ധം I

## വിദേശ ഏജൻസികളിൽ നിന്നും 18.05.2011 മുതൽ 28.02.2013 വരെയുള്ള കാലയളവിൽ എടുത്ത വായപയുടെ വിശദാംശം

(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതി | വിദേശ ഏജൻസി | ആകെ എടുത്ത വായ്പ (18.05.2011 മുതൽ 28.02.2013 വരെ) |
|---|---|---|---|
| 1 | നാഷണൽ ഹൈഡ്രോളജി പദ്ധതി II | ലോക ബാങ്ക് | 495.6 |
| 2 | കേരള വാട്ടർ സപ്ലൈ പദ്ധതി II | ജിക്ക | 28028.53 |
| 3 | കേരള വാട്ടർ സപ്ലൈ പദ്ധതി III | ജിക്ക | 5156.54 |
| 4 | കെ.എസ്.യു.ഡി.പി. | ഏഷ്യൻ വികസന ബാങ്ക് | 12602.98 |
| 5 | കെ.എൽ.ജി.എസ്.ഡി.പി. | ലോക ബാങ്ക് | 32428.26 |
| 6 | ഡ്രിപ് | ലോക ബാങ്ക് | 486.17 |
| 7 | കെ.എസ്.റ്റി.പി. | ലോക ബാങ്ക് | 2061.47 |
| 8 | കേരള റൂറൽ വാട്ടർ സപ്ലൈ & സാനിറ്റേഷൻ പദ്ധതി II | ലോക ബാങ്ക് | 99.52 |
| | **ആകെ** | | **81359.07** |